**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 350** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ കണക്കെടുപ്പിനായി പ്രത്യേക സംഘങ്ങളെ ചുമതലപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | ചുമതലപ്പെടുത്തിയിരുന്നില്ല. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ (www.yearofenterprises.kerala.gov.in) നിലവിലുണ്ട്. പ്രസ്തുത പോർട്ടലിൽ നിലവിൽ തുടങ്ങിയ സംരംഭങ്ങളുടെ വിവരങ്ങളും അതുപോലെ ഫീൽഡ് തലത്തിൽ നടത്തുന്ന വിവിധ പ്രോഗ്രാമുകളിൽ സംരംഭങ്ങൾ തുടങ്ങാൻ വരുന്നവരുടെ വിവരങ്ങളും വെവ്വേറെ രേഖപ്പെടുത്തുന്നുണ്ട്. സംരംഭകർക്കുള്ള കൈത്താങ് സഹായത്തിനും ഫീൽഡ് തലത്തിലുള്ള പദ്ധതിയുടെ സംയോജനം സാധ്യമാക്കുന്നതിനും പ്രൊഫഷനൽ യോഗ്യതയുള്ള Interns - നെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി സംരംഭം ആരംഭിക്കാൻ സർക്കാരിന് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ കണക്കെടുപ്പ് നടത്തുന്നതിന് പകരം പ്രത്യേക സംഘങ്ങളെ ചുമതലപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | കണക്കെടുപ്പ് നടത്തുന്നതിന് പ്രത്യേക സംഘങ്ങളെ ചുമതലപ്പെടുത്തിയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് വ്യവസായം ആരംഭിക്കാൻ കെ-സ്വിഫ്റ്റ് അടക്കമുള്ള സംവിധാനങ്ങൾ ഉണ്ടെന്നിരിക്കെ പ്രത്യേകമായി ഒരു പോർട്ടൽ ആരംഭിച്ചുകൊണ്ട് വിവരശേഖരണം നടത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ? | (സി) | വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാനുള്ള ഓൺലൈൻ ഏകജാലക പോർട്ടൽ ആണ് കെ സ്വിഫ്റ്റ്. വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതികൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും പ്രസ്തുത അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിച്ച് സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനമാണ് കെ-സ്വിഫ്റ്റ് പോർട്ടൽ മുഖേന |

| | | | |
|---|---|---|---|
| | | | സജ്ജീകരിച്ചിരിക്കുന്നത്. കൂടാതെ പുതിയതായി ആരംഭിക്കുന്ന, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരമുള്ള അക്നോളഡ്ജ്മെൻറ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സംവിധാനവുമാണ് കെ-സ്വിഫ്റ്റ് പോർട്ടലിൽ നിലവിലുള്ളത്. ഈ പോർട്ടലിൽ പുതുതായി ആരംഭിക്കുന്ന മുഴുവൻ സംരംഭകരുടേയും വിവരങ്ങൾ ശേഖരിക്കുന്നില്ല. ആയതിനാൽ ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനുമായി ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ